# ദൂത് 10: ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടി എന്ന നിലയിൽ ഏക പുതു മനുഷ്യന്റെ സ്രഷ്ടാവ്



## I. മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, അവനെ ആവിഷ്കരിക്കാനും അവനെ പ്രതിനിധീകരിക്കാനും ഒരു സംഘാത മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു

- മനുഷ്യൻ തന്റെ ശത്രുവിനോട് ഇടപെടുവാൻ ദൈവത്തെ പ്രതിനിധീകരിക്കേണ്ടതിന് തന്റെ ആവിഷ്കാരത്തിനായി ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും മനുഷ്യന് തന്റെ ആധിപത്യം നൽകുകയും ചെയ്തു. പുതിയ സൃഷ്ടിയിലെ പുതുമനുഷ്യനെന്ന നിലയിൽ സഭ ദൈവത്തിന്റെ ആവിഷ്കാരത്തിനായി ദൈവത്തിന്റെ സ്വരൂപം വഹിക്കുകയും ദൈവരാജ്യത്തിനുവേണ്ടി ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുകയും ചെയ്യുന്നു. [Gen. 1:26] അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ... സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

## II. ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടിയായ കവിത എന്ന നിലയിൽ പുതുമനുഷ്യൻ ക്രിസ്തുവിന്റെ മരണത്തിലൂടെയും അവന്റെ പുനരുത്ഥാനത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്

- "തന്റെ ജഡത്തിൽ" ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും അവസാനിപ്പിച്ചു: പിശാചായ, ദൈവത്തിന്റെ ശത്രുവായ സാത്താൻ, പാപം, വീണുപോയ മനുഷ്യന്റെ ജഡം, കോസ്മോസ്, ലോകം, പഴയ സൃഷ്ടി, ന്യായപ്രമാണത്തിന്റെ വേർപെടുത്തുന്ന ചട്ടങ്ങൾ. മണ്ഡലവും മൂലകവും സാരാംശവും എന്ന നിലയിൽ "അവനിൽത്തന്നെ" ക്രിസ്തു യെഹൂദന്മാരെയും ജാതികളെയും ഏക പുതുമനുഷ്യനായി സൃഷ്ടിച്ചു. ക്രിസ്തു ദൈവത്തിന്റെ ദിവ്യ സ്വഭാവം മനുഷത്വവുമായി ഏക അസ്തിത്വമാക്കുന്ന ഏക പുതുമനുഷ്യന്റെ മൂലകവും സാരാംശവുമാണ്. [Eph. 2:10] എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു. [Eph. 2:15-16] വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി, ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു.

- പുതുമനുഷ്യന്റെ സൃഷ്ടിയിൽ, ഒന്നാമതായി നമ്മുടെ സ്വാഭാവിക മനുഷ്യൻ ക്രിസ്തുവിനാൽ ക്രൂശിക്കപ്പെടുകയും, തുടർന്ന് നമ്മെ പ്രപഞ്ചത്തിലെ തികച്ചും പുതുതായ ഒരു കാര്യമായ, ദൈവത്തിന്റെ ഒരു പുതിയ കണ്ടുപിടുത്തമായ, ദൈവവേലയുടെ ഉൽകൃഷ്ടസൃഷ്ടിയായിത്തീരുവാൻ നമ്മെ ഇടയാക്കുന്നതിന്, പഴയ മനുഷ്യനെ നീക്കം ചെയ്തതിലൂടെ ക്രിസ്തു നമ്മിലേക്ക് ദിവ്യ മൂലകം പകർന്നു. ദൈവത്തിന്റെ രക്ഷയിൽ മൂന്ന് സുപ്രധാന കാര്യങ്ങളായി ക്രിസ്തു നമുക്ക് ദൈവത്തിൽ നിന്ന് ജ്ഞാനമായിത്തീർന്നു: ①അവൻ നമ്മുടെ നീതിയാണ് (നമ്മുടെ ഭൂതകാലത്തിന്), അതിലൂടെ നാം ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്നു, അങ്ങനെ നമ്മുടെ ആത്മാവിൽ നാം വീണ്ടും ജനിക്കേണ്ടതിന് ദിവ്യജീവൻ പ്രാപിക്കുന്നു; ②അവൻ നമ്മുടെ വിശുദ്ധീകരണമാണ് (നമ്മുടെ വർത്തമാനകാലത്തിന്), നാം നമ്മുടെ ദേഹിയിൽ വിശുദ്ധീകരിക്കപ്പെടുന്നു (നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛയിലും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു); ③അവൻ നമ്മുടെ വീണ്ടെടുപ്പാണ് (നമ്മുടെ ഭാവികാലത്തിന്), അതായത്, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിന്, അവന്റെ ദിവ്യജീവനാൽ നമ്മുടെ ശരീരത്തിൽ കായാന്തരപ്പെടും. നമ്മുടെ മുഴു ആളത്തത്തെ—ആത്മാവിനെയും, ദേഹിയെയും, ദേഹത്തെയും—ക്രിസ്തുവിനോട് ജൈവികമായി ഒന്നാക്കുകയും, ക്രിസ്തു താൻ ആയിരിക്കുന്ന എല്ലാറ്റിന്റെയും ജ്ഞാനസമ്പന്നമായ പ്രദർശനമായി നമ്മെ മാറ്റുകയും ചെയ്യുന്ന സമ്പൂർണവും തികഞ്ഞതുമായ രക്ഷയിൽ നാം പങ്കുചേരുന്നത് ദൈവത്താലാണ്. [Eph. 3:10-11] അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,. [2 Cor. 5:17] അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

## III. വേർപാടിന്റെ നടുച്ചുവർ എന്ന ചട്ടങ്ങളിലുള്ള കൽപനകളെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്, ക്രിസ്തു ക്രൂശിൽ അവനിൽത്തന്നെ പുതുമനുഷ്യനെ സൃഷ്ടിച്ചു

- വാക്യം 14-ൽ പറഞ്ഞിരിക്കുന്ന ന്യായപ്രമാണം ധാർമിക കൽപ്പനകളുടെ ന്യായപ്രമാണമല്ല, പിന്നെയോ പരിച്ഛേദന, ശബ്ബത്ത് ആചരണം, ചില ഭക്ഷണം കഴിക്കുക തുടങ്ങിയ ചട്ടങ്ങളുടെ ആചാരപരമായ കൽപ്പനകളുടെ ന്യായപ്രമാണമാണ്. ക്രൂശിൽ ക്രിസ്തു ജീവിതത്തെയും ആരാധനയെയും സംബന്ധിച്ച എല്ലാ ആചാരങ്ങളെ, ജാതികളെ ഭിന്നിപ്പിച്ച ആചാരങ്ങളെ ഇല്ലാതാക്കി.

ക്രിസ്തുവായിരിക്കണം നമ്മുടെ ഏക സ്രോതസ്സ്; നമ്മുടെ പശ്ചാത്തലം, സംസ്കാരം, ദേശീയത എന്നിവയൊന്നും നമ്മുടെ സ്രോതസ്സായിരിക്കാൻ അനുവദിക്കരുത്. ലൗകികജനം സാംസ്കാരിക വ്യത്യാസങ്ങളെ അന്തസ്സിന്റെ സ്രോതസ്സായി കണക്കാക്കുന്നു, എന്നാൽ ക്രിസ്തുവിൽ നാം ഈ അന്തസ്സ് നീക്കിക്കളഞ്ഞു; ഇപ്പോൾ നമ്മുടെ ഏക അന്തസ്സ് ക്രിസ്തുവും യഥാർഥ ഒരുമയുമാണ്. [Eph. 2:14b] ...ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്. [Col. 2:14] നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

## IV. ഏക പുതുമനുഷ്യനുവേണ്ടിയും ഏക പുതുമനുഷ്യനിലും, ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ നാം അനുവദിക്കണം

- നമ്മുടെ ഹൃദയങ്ങളിലുള്ള ക്രിസ്തുവിന്റെ തീർപ്പുകൽപ്പിക്കുന്ന സമാധാനം ഒരുവനെതിരെയുള്ള നമ്മുടെ പരാതിയെ ഇല്ലാതാക്കിക്കളയുന്നു. നമ്മുടെ ഉള്ളിലെ വിവിധ കക്ഷികൾ തർക്കിക്കുകയോ കലഹിക്കുകയോ ചെയ്യുന്നുവെന്ന് നമുക്ക് തോന്നുമ്പോഴെല്ലാം, ക്രിസ്തുവിന്റെ അധ്യക്ഷത വഹിക്കുന്ന സമാധാനത്തിന് നാം ഇടം നൽകുകയും, പുതുമനുഷ്യന്റെ ഒരുമയായ ഈ സമാധാനത്തെ നമ്മുടെ ഉള്ളിൽ ഭരിക്കാനും അന്തിമ വാക്ക് ഉണ്ടായിരിക്കുവാനും അനുവദിക്കുകയും വേണം. ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ അനുവദിക്കുകയാണെങ്കിൽ, ഈ സമാധാനം നമുക്കിടയിലുള്ള എല്ലാ തർക്കങ്ങളും പരിഹരിക്കും; നമുക്ക് ദൈവവുമായി ലംബമായും വിശുദ്ധന്മാരുമായി തിരശ്ചീനമായും സമാധാനമുണ്ടായിരിക്കും. ക്രിസ്തുവിന്റെ സമാധാനത്തിന്റെ തീർപ്പുകൽപ്പിക്കൽ നമ്മുടെ മേൽ തന്റെ ഭരണം പ്രയോഗിക്കുന്നതിനും അവസാന വാക്ക് സംസാരിക്കുന്നതിനും അന്തിമ തീരുമാനം എടുക്കുന്നതിനും ക്രിസ്തു നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നതാണ്. ക്രിസ്തുവിന്റെ സിംഹാസനസ്ഥനായ സമാധാനത്തിന്റെ ഭരണത്തിൻകീഴിൽ നാം തുടരുകയാണെങ്കിൽ, നാം മറ്റുള്ളവരെ വ്രണപ്പെടുത്തുകയോ അവരെ നശിപ്പിക്കുകയോ ചെയ്യില്ല; കർത്താവിന്റെ കൃപയാലും അവന്റെ സമാധാനത്താലും നാം മറ്റുള്ളവർക്ക് ജീവൻ ശുശ്രൂഷിക്കും. ഈ സമാധാനം എല്ലാ വിശ്വാസികളെയും ഒരുമിച്ചു ബന്ധിപ്പിക്കുകയും ഏകീകരണ ബന്ധമായിത്തീരുകയും വേണം. [Col. 3:15] ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ. [Eph. 4:3] ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ.

## V. ഏക പുതുമനുഷ്യനിൽ ക്രിസ്തു എല്ലാ അവയവങ്ങളുമാണ് എല്ലാ അവയവങ്ങളിലും ഉണ്ട്

- ക്രിസ്തു പുതുമനുഷ്യന്റെ എല്ലാ അവയവങ്ങളുമായതിനാൽ, പുതുമനുഷ്യനിൽ ഒരു സ്വാഭാവിക വ്യക്തിക്കും യാതൊരു സാധ്യതയുമില്ല, യാതൊരു ഇടവുമില്ല. ഏക പുതുമനുഷ്യനിൽ ഒരു വ്യക്തി മാത്രമേയുള്ളൂ—സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു. ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്. ഏക പുതുമനുഷ്യന്റെ പ്രായോഗിക നിലനിൽപ്പിന്, പഴയ മനുഷ്യന്റെ മൊത്തത്തിലുള്ള വ്യക്തിയെ നീക്കംചെയ്യണം, നമ്മുടെ പുതിയ വ്യക്തിയാൽ നാം ജീവിക്കണം. നമ്മിൽ എല്ലാ തീരുമാനങ്ങളും എടുക്കുന്നവനായി, ക്രിസ്തുവിനെ നമ്മുടെ വ്യക്തിയായി എടുത്തുകൊണ്ട് നാം പുതുമനുഷ്യനിൽ ഒരു ജീവിതം നയിക്കണം. നാം ഒരു സംഘാത ശരീരവും ഒരു സംഘാത പുതുമനുഷ്യനാണെന്നും നമ്മുടെ ജീവിതവും (വ്യക്തിയും) നമ്മുടെ നീക്കവും (ജീവനും) സംഘാതം ആണെന്നും നാം കാണേണ്ടതുണ്ട്. എഫെസ്യർ 2:15-ലെ ഏക പുതുമനുഷ്യനെ റോമർ 15:6-ലെ ഒരു വായോടും 1 കൊരിന്ത്യർ 1:10-ലെ ഒരേ കാര്യം സംസാരിക്കുന്നതിനോടും ചേർത്തു നാം പരിഗണിക്കണം. മുൻകാലങ്ങളിൽ അനേകം വ്യക്തികൾ ഉണ്ടായിരുന്നതിനാൽ അനേകം വായകൾ ഉണ്ടായിരുന്നു. ഒരു മനസ്സോടെ ഒരു വായ് കൊണ്ട് എന്നത് അർഥമാക്കുന്നത് നമ്മൾ അനേകരാണെങ്കിലും എല്ലാവരും സംസാരിക്കുകയാണെങ്കിലും നമ്മൾ എല്ലാവരും "ഒരേ കാര്യം സംസാരിക്കുന്നു" എന്നാണ്.. [Col. 3:10-11] തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. [Rom. 15:6] അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.